(ബി) ഓരോ സ്ഥാപനങ്ങളിലും എത്ര പേർക്ക് അപ്രന്റീസ് പരിശീലനം നൽകണമെന്ന് വ്യവസ്ഥയുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വിവിധ തൊഴിലുകൾക്ക് അപ്രന്റീസുകൾക്ക് നിലവിലുള്ള സ്റ്റൈപ്പന്റ് നിരക്ക് എത്രയാണ് ;

(ഡി) സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം വ്യവസായ സ്ഥാപനങ്ങളിൽ അപ്രന്റീസ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. പ്രാവീണ്യമുള്ള തൊഴിലാളികളുടെ എണ്ണവും ട്രെയിനിംഗ് നൽകുവാനുള്ള സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങളും കണക്കിലെടുത്ത് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിലാണ് എണ്ണം തിട്ടപ്പെടുത്തുന്നത്.

(സി) പരിശീലനത്തിന്റെ ആദ്യ വർഷം - പ്രതിമാസം 1,090 രൂപ

പരിശീലനത്തിന്റെ രണ്ടാം വർഷം - പ്രതിമാസം 1,240 രൂപ

പരിശീലനത്തിന്റെ മൂന്നാം വർഷം - പ്രതിമാസം 1,440 രൂപ

പരിശീലനത്തിന്റെ നാലാം വർഷം - പ്രതിമാസം 1,620 രൂപ

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റൈപ്പന്റ് വർദ്ധനയ്ക്കായി നിർദ്ദേശം സെൻട്രൽ അപ്രന്റീസ്ഷിപ്പ് കൗൺസിലിൽ നൽകിയിരിക്കുകയാണ്.

പുതുതായി അനുവദിച്ച ഐ.ടി.ഐ.-കൾ

84 (4140) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.കളിൽ ഏതെല്ലാം പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവമ്പാടിയിൽ അനുവദിച്ച ഐ.ടി.ഐ. പ്രവർത്തനമാരംഭിക്കാൻ താമസിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ തുടങ്ങുവാനുദ്ദേശിക്കുന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) ഐ.ടി.ഐ. എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2010-2011 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള ശുപാർശ ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഡിപ്പാർട്ടുമെന്റുകളിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസമാണ് കാരണം.

(സി) ഇലക്ട്രീഷ്യൻ, പ്ലംബർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് തിരുവമ്പാടിയിലെ പുതിയ ഐ.ടി.ഐ. യിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഐ.ടി.ഐ. ഈ വർഷം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഐ.ടി.ഐ.-കളിലെ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്

85 (4141) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.ടി.ഐ. കളിലാണ് എച്ച്.എസ്.ഐ. കോഴ്സ് നടത്തുന്നത് ; ഇതിന് NCVT അംഗീകാരം ലഭിച്ചിട്ടുണ്ടോ ; HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള എത്രപേർ ഉണ്ട് എന്ന് അറിയിക്കുമോ ;

(ബി) HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നേടുന്നതിന് നിലവിൽ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; സംവിധാനം ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് ഏതെങ്കിലും സർക്കാർ തസ്തികകളിലേക്ക് അപേക്ഷ നൽകാൻ സാധിക്കുമോ ;

(ഡി) LSGD, മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ സാനിട്ടറി വർക്കർ/ഇൻസ്പെക്ടർ തസ്തികകളിലേക്ക് HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയുമോ ;

(ഇ) പട്ടികജാതി/വർഗ്ഗ വികസന വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിലവിലുള്ള സമാനസ്വഭാവമുള്ള തസ്തികകളിലേക്ക് HSI കോഴ്സ് പാസ്സായിട്ടുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയുമോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ;

(എഫ്) ഇത്തരം വകുപ്പുകളിൽ നിലവിലുള്ള സ്പെഷ്യൽ റൂളുകളിൽ HSI കോഴ്സുകാരെകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) HSI കോഴ്സ് പി.എസ്.സി.അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 6 ഐ.ടി.ഐ.കളിൽ എച്ച്.എസ്.ഐ. കോഴ്സ് നടത്തുന്നു. ടി 6 ഐ.ടി.ഐ. കളിൽ, 3 ഐ.ടി.ഐ.കളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡിന് എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള 267 പേർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly